**'ഭരണഭാഷ-മാതൃഭാഷ'**

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്
**സാന്നിധ്യം - കെ.വി. മോഹൻകുമാർ. ഐ.എ.എസ്**

വിഷയം: പൊതു. വിദ്യാഭ്യാസം-ജീവനം-ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സമാന തസ്തികയിലെ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും-സംബന്ധിച്ച്.

വായന:- 1) ഈ ആഫീസിലെ 23.12.2017 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2) ഈ ആഫീസിലെ 22.12.2018 തീയതിയിലെ ഡി6/72301/2017/ ഡി.പി.ഐ.വിജ്ഞാപനം.

**ഉത്തരവ് നമ്പർ ഡി5/6000/2017/ഡി.പി.ഐ.തീയതി 28/02/2018**

29.01.2018 തീയതിയിൽ കൂടിയ ഇടക്കാല വകുപ്പ്തല സ്ഥാനക്കയറ്റ കമ്മിറ്റി (ലോവർ) അംഗീകരിച്ച വായന (2) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന അദ്ധ്യാപകരെ കേരള സംസ്ഥാന സർവ്വീസുകളുടെ സബോർഡിനേറ്റ് സർവ്വീസ് ചട്ടം 28 പ്രകാരം സ്ഥാനക്കയറ്റം നൽകി സർക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/റ്റി.റ്റി.ഐ പ്രിൻസിപ്പാൾ സമാന തസ്തികകളിലേക്ക് 39500-83000/- ശമ്പളനിരക്കിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | റാങ്ക് നം. | പേര് | മേൽ വിലാസം | ജനന തീയതി | സ്ഥാനക്കയറ്റം നൽകി നിയമിച്ച സ്കൂൾ/സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 945/ 91-96 | Pushpa Thampatty K. | G.H.S.S. Pandikkadu , Malappuram | 19.05.1965 | G.H.S. Porur Malappuram | |
| 2 | 1002/A | Sheela Beegum. S. | G.H.S., Kazhakootam Thiruvanathapuram | 21.05.1964 | G.V.H.S.S. Iringole, Ernakulam | |
| 3 | 1208 | Subraya Thiru Kunjathaya K.. | G.H.S.S. Chandragiri Kasargod | 01.06.1964 | G.V.H.S. Deviyar Colony Idukki | |
| 4. | 1697 | Muhammadali P. | G.H.S.S., Valapattanam , Kannur | 23.12.1965 | G.H.S. Vellathooval Idukki | |
| 5 | 1731 | Shylaja K. | G.H.S.S.MCC, Kozhikode | 27.05.1968 | G.H.S. Pathinaramkandam Idukki | |

| | | | | | | |
|---|---|---|---|---|---|---|
| 6 | 1843A | Shaila Beegom N | G.H.S., Veiloor Thiruvanathapuram | 03.02.1964 | Govt.Sanskrit H.S. Thrippunithura Erankulam | |
| 7 | 1905 | Manoj I.R. | G.H.S.S. Irikkur, Kannur | 07.12.1964 | G.H.S.S Thankamani Idukki | |
| 8 | 1928 | Nirmala N.K. | G.H.S.S. Hosdurg, Kasargod | 09.04.1967 | G.V.H.S.S. Chirakkara Kannur | |
| 9 | 1980 | Arifa A. | G.L.V.H.S.S., Kadappa, Mynagappally, Kollam | 20.07.1962 | G.H.S.S. Kallar Idukki | |
| 10 | 2044 | Sasikumar K.P. | G.H.S.S. Chittoor, Palakkad | 25.02.1963 | G.H.S.S. Elavally Thrissur | |
| 11 | 2080 | Leela C.K. | M.N.K.M.G.H.S.S, Pulapatta Palakkad | 21.05.1963 | G.H.S. Vettanad Palakkad | |
| 12 | 2083 | Sheelakumari K.C. | G.H.S.for Girls, Kayamkulam Alappuzha | 31.07.1962 | G.T.H.S. Valakkode Idukki | |
| 13 | 2196 | Khadeeja V.K. | G.L.P.S. Kanthapuram Kozhikodu | 14.05.1962 | G.H.S.S. Vagamon Idukki | |
| 14 | 2234 | MINI A. | G.M.H.S.S. for Boys Chalai Thiruvanathapuram | 24.05.1967 | A.E.O. Pambady Kottayam | |
| 15 | 2236 | Briget E.L. | G.H.S.S. Kanjiramkulam Thiruvanathapuram | 31.05.1967 | Muhammedan G.H.S.S. Kollakadavu Alappuzha | |
| 16 | 2242 | Nazeeha Beevi A. | G.H.S.S. Kulathoor Thiruvanathapuram | 20.04.1966 | G.H.S.S. Santhanpara Idukki | |
| 17 | 2246 | Sajithadevi V.P. | G.H.S.S. Kumili,Idukki | 09.04.1963 | G.V.H.S.S. Munnar Idukki | |

| | | | | | | |
|---|---|---|---|---|---|---|
| 18 | 2291 | **Chandrahasan K.K.** | **G.H.S.S.for Girls, Balussery Kozhikodu** | 31.05.1965 | **G.F.V.H.S.S. Kaippamangalam Thrissur** | |
| 19 | 2304 | **Manikandhan K.** | **C.B.K.M.G.H.S.S., Puthupariyaram, Palakkad** | 31.05.1965 | **C.P.M.G.H.S. Peerumedu Idukki** | |
| 20 | 4/97-2000 | **Sulekhadevi M.** | **G.H.S.S. Kunnakavu Malappuram** | 25.05.1964 | **G.H.S. Chaliapuram Malappuram** | |

സ്ഥാപന മേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകരെ ഉടൻ പ്രാബല്യത്തിൽ പുതിയ ലാവണങ്ങളിലേക്ക് വിടുതൽ ചെയ്യുകയും ആ വിവരം ഈ ഓഫീസിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. ലഭിച്ച സ്ഥാനക്കയറ്റം പരിത്യജിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ 7 ദിവസത്തിനുള്ളിൽ പരിത്യാജപത്രം നിയന്ത്രണാധികാരി മുഖേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.സ്ഥാനക്കയറ്റം പരിത്യജിക്കുന്നത് സംബന്ധിച്ച് സർക്കാർ 07.12.1991 ൽ പുറപ്പെടുവിച്ച ജി.ഒ (പി)39/91/പി&എആർഡി നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഒന്നാമതായുള്ള സ്ഥാനക്കയറ്റ പരിത്യജനം കുറഞ്ഞത് (ഒരു വർഷം) താൽകാലികമായും രണ്ടാമതായുള്ള സ്ഥാനക്കയറ്റ പരിത്യജനം സ്ഥിരമായിട്ടുള്ളതാണ്

സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിലെ എച്ച്.എസ്.എ മാരുടെ 1991 മുതൽ 1996 വരെയും 1997 മുതൽ 2000 വരെയുംമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരെയാണ് ഈ ഉത്തരവിൽ സ്ഥാനക്കയറ്റം നൽകി ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ നിയമിച്ചിരിക്കുന്നത്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരെ സംബന്ധിച്ച സ്പെഷ്യൽ റൂളിൽ താഴെപ്പറയുന്ന യോഗ്യതകളാണ് എച്ച്.എസ്.എ മാരിൽ നിന്നും ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ആവശ്യമായി വേണ്ടത്.

1. അംഗീകൃത സർവ്വകലാശാലയുടെ ബിരുദം
2. അംഗീകൃത സർവ്വകലാശാലയുടെ ബി.എഡ്/ബി.റ്റി/എൽ.റ്റി
3. അക്കൗണ്ട് ടെസ്റ്റ് ലോവർ&കെ.ഇ.ആർ ടെസ്റ്റ്
4. 12 വർഷത്തെ തുടർച്ചയായ എച്ച്.എസ്.എ ഗ്രേഡ് സർവ്വീസ്

സ്ഥാപനമേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകർക്ക് മുകളിൽ പ്രസ്താവിച്ച യോഗ്യതകൾ ഉണ്ടോയെന്ന് സേവനപുസ്തകം പരിശോധിച്ച ശേഷം മാത്രമേ സ്ഥാനക്കയറ്റം ലഭിച്ച ലാവണത്തിലേക്ക് വിടുതൽ ചെയ്യാവു എന്ന്

കർശനമായ നിർദ്ദേശം നൽകുന്നു. ഈ ഉത്തരവിൽ ഹയർസെക്കൻഡറി അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ അവർക്ക് 12 വർഷത്തെ തുടർച്ച യായ എച്ച്.എസ്.എ ഗ്രേഡ് സർവ്വീസ് ഉണ്ടോയെന്ന് പരിശോധിച്ച്, ഹയർസെക്കൻഡറി ഡിപ്പാർട്ട്മെന്റിന്റെ അനുമതിയോടുകൂടി മാത്രമേ സ്ഥാനക്കയറ്റ ലാവണത്തിലേക്ക് സ്ഥാപന മേധാവികൾ വിടുതൽ ചെയ്യാവു എന്ന് നിർദ്ദേശിക്കുന്നു.

കേരള ഫിനാൻഷ്യൽ കോഡ് പാർട്ട് 1 അദ്ധ്യായം 5 ചട്ടം 93(എ) പ്രകാരം റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് അനുസരിച്ച് സ്ഥാപനത്തിന്റെ ചാർജ്ജ് എടുക്കുകയും കൈമാറുകയും ചെയ്യാവുന്നതാണ്.

സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകരുടെ സീരിയൽ നമ്പർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജിന്റെ (ആർ.റ്റി.സി) മുകൾഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. ആർ.റ്റി.സി യിൽ വീടിന്റെ മേൽവിലാസവും, വ്യക്തിഗത ടെലിഫോൺ നമ്പരും താഴെയായി രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എസ്.സി, എസ്.റ്റി വിഭാഗത്തിൽപ്പെടുന്ന അദ്ധ്യാപകർക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിൽ നിന്ന് 3 വർഷത്തെ ഇളവുമാത്രമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. 3 വർഷം പൂർത്തിയാകുമ്പോൾ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയില്ലായെങ്കിൽ നൽകിയ സ്ഥാനക്കയറ്റം റദ്ദ് ചെയ്ത് തരംതാഴ്ത്തുന്നതാണെന്നും അറിയിക്കുന്നു. 3 വർഷത്തിനുള്ളിൽ ടി അദ്ധ്യാപകർ മതിയായ ഡിപ്പാർട്ട്മെന്റൽ യോഗ്യതകൾ നേടിയിട്ടില്ലായെങ്കിൽ ആ വിവരം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ രേഖാമൂലം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

**മേൽ 20 സ്ഥാനങ്ങളിലേക്കും നൽകിയ നിയമനം 2018-19 അദ്ധ്യയന വർഷത്തെ പൊതുസ്ഥലമാറ്റ വേളയിൽ സീനിയർ അപേക്ഷകൾ ഉണ്ടെങ്കിൽ ആയവ പുന:പരിശോധനയ്ക്ക് വിധേയമായിരിക്കും.** സംസ്ഥാനത്തെ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകളിൽ ഒഴിവുള്ള സ്ഥാപനങ്ങളിലെ സീനി യർ എച്ച്.എസ്.എ/സീനിയർ സൂപ്രണ്ട് എന്നിവർക്ക് പൂർണ്ണ അധിക ചുമതല നൽകുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

പുതിയ ലാവണങ്ങളിൽ പദവി ഏറ്റെടുത്ത ശേഷം ആയത് മേലാപ്പീസിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. **(www.education.kerala.gov.in DPI Announcements)** ടി ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അതാത് സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും നിർദ്ദേശിക്കുന്നു. സ്ഥാപന മേധാവികൾക്ക് ഈ ഓഫീസിൽ നിന്നും പ്രത്യേകമായി

ഉത്തരവ് അയയ്ക്കുന്നതല്ല. ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്. സർക്കാർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/റ്റി.റ്റി.ഐ പ്രിൻസിപ്പൾ സമാന തസ്തികകളിലേക്ക് നടത്തിയിരിക്കുന്ന ഈ സ്ഥാനക്കയറ്റം പൂർണ്ണമായും താൽകാലികമാണ്. ടി സ്ഥാനക്കയറ്റം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ബോദ്ധ്യപ്പെട്ടാൽ ആയത് പുന:പരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും.

**(ഒപ്പ്)**
**കെ.വി.മോഹൻകുമാർ ഐ.എ.എസ്.**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്**

സ്വീകർത്താക്കൾ:-

1. ബന്ധപ്പെട്ട ഹെഡ്മാസ്റ്റന്മാർക്ക്
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക്
3. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
5. കരുതൽ ഫയൽ